'ഭരണഭാഷ മാതൃഭാഷ'

# വ്യാവസായിക പരിശീലന വകുപ്പ്

**(കേരള സംസ്ഥാനം)**

തൈക്കാട്, തിരുവനന്തപുരം-14.

**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം**

**(ഹാജർ: ശ്രീ.എസ്.വാഹിദ്)**

**വിഷയം:**-വ്യാവസായിക പരിശീലന വകുപ്പ് - ജീവനക്കാര്യം-ടൈപ്പിസ്റ്റ് തസ്തികയിലെ സ്ഥലംമാറ്റം -ഉത്തരവ് പുറപ്പെടുവിയ്ക്കുന്നത്- സംബന്ധിച്ച്.

**പരാമർശം:**- 1. എ3/14644/13-ാം നമ്പർ 15.5.13 ലെ നടപടിക്രമം

2. ശ്രീ. ഷാജഹാൻ.വി.എച്ച്, യൂഡി ടൈപ്പിസ്റ്റിന്റെ 17.7.13 ലെ സമർപ്പണം.

*******

**ഉത്തരവ് നമ്പർ: എ3/14644/2013 തീയതി: 25/07/2013.**

പരാമർശം(1)-ലെ ഉത്തരവ് പ്രകാരം ട്രെയിനിംഗ് ഡയറക്ടറേറ്റിലെ യു.ഡി.ടൈപ്പിസ്റ്റായ ശ്രീ. ഷാജഹാൻ വി.എച്ച്-ന് പുഴക്കാട്ടിരി ഐ.ടി.ഐ. യിലേയ്ക്ക് സ്ഥലം മാറ്റം നൽകിയിരുന്നു.

പരാമർശം (2) പ്രകാരം ശ്രീ. ഷാജഹാൻ സമർപ്പിച്ച അപേക്ഷയിൽ ടിയാൻ വികലാംഗനാണെന്ന പരിഗണന നൽകി സ്വന്തം സ്ഥലത്തിനടുത്തുള്ള നിലമ്പൂർ ഐ.ടി.ഐ യിൽ നിയമനം നൽകണമെന്ന് അഭ്യർത്ഥിക്കുകയുണ്ടായി.

ശ്രീ. ഷാജഹാൻ വികലാംഗനാണെന്ന വസ്തുത പരിഗണിച്ച് ടിയാന്റെ അപേക്ഷയ്ക്ക് മുഖ്യ പരിഗണന നൽകി വകുപ്പിലെ ടൈപ്പിസ്റ്റ് തസ്തികയിൽ താഴെപ്പറയുന്ന രീതിയിൽ ക്രമീകരണം നടത്തി ഉത്തരവാകുന്നു.

| ക്രമ നം. | പേര്, തസ്തിക | നിലവിൽ സേവനത്തിലുള്ള സ്ഥാപനം | സ്ഥലം മാറ്റി നിയമിക്കുന്ന സ്ഥാപനം |
|---|---|---|---|
| 1. | ഷാജഹാൻ.വി.എച്ച് യു.ഡി.ടൈപ്പിസ്റ്റ് | ഡയറക്ടറേറ്റ് | ഐ.ടി.ഐ. നിലമ്പൂർ. |
| 2. | ശോഭന.പി സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് | ഐ.ടി.ഐ. നിലമ്പൂർ | ഐ.ടി.ഐ. അരീക്കോട് |
| 3. | സജീവ്.വി യു.ഡി.ടൈപ്പിസ്റ്റ് | ഐ.ടി.ഐ. അരീക്കോട് | ഐ.ടി.ഐ പുഴക്കാട്ടിരി |

പരാമർശം(1) പ്രകാരം ശ്രീ.ഷാജഹാന് പുഴക്കാട്ടിരി ഐ.ടി.ഐ.യിലേയ്ക്ക് നൽകിയ സ്ഥലം മാറ്റം ഇതോടൊപ്പം റദ്ദാക്കുന്നു.

**(ഒപ്പ്)**

**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ.**

ബന്ധപ്പെട്ട ജീവനക്കാർക്ക്

***പകർപ്പ് :-*** (1) ബന്ധപ്പെട്ട സ്ഥാപന മേധാവികൾക്ക്

(2) വകുപ്പ് വെബ്സൈറ്റ്

(3) ഫെയർ കോപ്പി സൂപ്രണ്ട്.

(4) എസ്.എഫ്(എ3)

**//ഉത്തരവിൻ പ്രകാരം//**

**സീനിയർ സൂപ്രണ്ട്**

ആർ.26./13